No.CEE/4050/2016/KEAM-2017/TA1


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**


# പത്രക്കുറിപ്പ്

## 2017 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/മെഡിക്കൽ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

### Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന

2017-18 അദ്ധ്യയന വർഷം കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്കും, സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കും പ്രവേശനത്തിനായി അപേക്ഷിച്ചിരുന്ന Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ **ജൂൺ 21, 22** തീയതികളിൽ സംസ്ഥാന മെഡിക്കൽ ബോർഡിന്റെയും, മറ്റു വകുപ്പദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് വിധേയരാക്കുന്നതും, വിദ്യാർത്ഥികളുടെ ശാരീരികക്ഷമത സംബന്ധിച്ചും, പഠിക്കാൻ യോഗ്യമായ കോഴ്സിനെ സംബന്ധിച്ചും വിദഗ്ദ്ധ സമിതി നൽകുന്ന റിപ്പോർട്ട് അനുസരിച്ച് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രവേശന നടപടികൾ ആരംഭിക്കുന്നതുമാണ്.

മെഡിക്കൽ പരിശോധന **തിരുവനന്തപുരം, പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ റ്റി.ജെ.എം ഹാളിൽ** വച്ചായിരിക്കും നടത്തുന്നത്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അറിയിപ്പ് മെമ്മോ തപാലിൽ അയച്ചിട്ടുണ്ട്. മെമ്മോ തപാലിൽ ലഭിക്കാത്തതും ശാരീരിക ക്ഷമത കുറഞ്ഞവരുമായ വിദ്യാർത്ഥികൾ ഇതൊരറിയിപ്പായി കണക്കാക്കി മേൽപറഞ്ഞ ദിവസങ്ങളിലൊന്നിൽ മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, തപാലിൽ ലഭിച്ച അറിയിപ്പ് മെമ്മോ എന്നിയുമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ പരിശോധനാ ദിവസങ്ങളിൽ നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ Persons with Disabilities (PD) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.06.2017